25/2/22

23/2/22

**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം–695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 1766(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.15338/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ഫെബ്രുവരി 23**

ശ്രീമതി. ഡിസ്സിലോപ്പസ്,
തൈപ്പറമ്പിൽ,
ഈച്ചമുക്ക്, സെസ്സ് പി.ഒ.,
എറണാകുളം–682 037.
} അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (സർവ്വെ & പോക്കുവരവ്), താലൂക്ക് ഓഫീസ് കണയന്നൂർ, എറണാകുളം.
2. അപ്പീൽ അധികാരി & തഹസിൽദാർ (എൽ.ആർ), താലൂക്ക് ഓഫീസ് കണയന്നൂർ, എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 14.1.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 29.1.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 9.4.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 26.8.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.11.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 24.11.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 3.12.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 31.12.2021 |
| ഹിയറിംഗ് (ഓഡിയോ) തീയതി | 22.2.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹർജിക്കാരിക്കുവേണ്ടി പ്രതിനിധി ഹാജരായി.<br>ഹാജരായി |

## ഉത്തരവ്

ശ്രീമതി. ഡിസ്സിലോപ്പസ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ എതിർകക്ഷികൾ മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിവരങ്ങൾ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിക്കുന്ന തീയതിവരെ ലഭ്യമാക്കിയിട്ടില്ലെന്നും

ആയതിനാൽ ടിയാൾ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത്, പരാമർശിത കോടതി ഉത്തരവ് തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ എന്നും കോടതി വിധിയുമായി ബന്ധപ്പെട്ട ഫയൽ നമ്പറും, ആയത് കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരുടെ പേര് വിവരവും നിലവിലെ സ്ഥിതിയും അറിയിക്കണമെന്നും കാക്കനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 9-ൽ റീസർവ്വേ നമ്പർ 363/2-ൽപ്പെട്ട ഭൂമി എത്രയും പെട്ടെന്ന് അളന്ന് ലഭിക്കണമെന്നും LA/16/96/L4, LA/495/96/L4 പട്ടയ ഫയലിന്റെ പകർപ്പുകളും ഓഫീസ് നോട്ടും ലഭ്യമാക്കണമെന്നുമാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 29.1.2021 തീയതി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലെന്ന് പരാതിപ്പെട്ട് കൊണ്ട് 9.4.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ തീർപ്പാക്കി 26.8.2021 തീയതി പുറപ്പെടുവിച്ച ഉത്തരവിൽ പ്രസ്താവിച്ചത്, അപ്പീൽ അപേക്ഷകയുടെ വിവരാവകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിക്കുന്നതിനും ടി ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം വിവരാവകാശ നിയമ പ്രകാരം എസ്.പി.ഐ.ഒ യുടെ അധികാര പരിധിയിൽ വരുന്ന വിവരങ്ങൾ അപ്പീൽ അപേക്ഷകയെ അറിയിക്കേണ്ടതും കൂടാതെ മറ്റ് പൊതു വിവരാവകാശ അധികാരിയുടെ കൈവശമുള്ള വിവരമാണെങ്കിൽ ആയതിന് മറുപടി നൽകുന്നതിന് ടി പൊതു വിവരാവകാശ അധികാരിക്ക് അപേക്ഷ കൈമാറി വിവരം അപ്പീൽ അപേക്ഷകയെ അറിയിക്കുന്നതിനും പൊതു വിവരാവകാശ ഓഫീസർ & ജൂനിയർ സൂപ്രണ്ടിനെ (പോക്കുവരവ് & സർവ്വെ) ചുമതലപ്പെടുത്തിക്കൊണ്ട് അപ്പീൽ അപേക്ഷ തീർപ്പാക്കുന്നു എന്നുമാണ്.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 22.12.21-ന് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, കണയന്നൂർ താലൂക്കിൽ പൊതു വിവരാവകാശ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (സർവ്വെ & പോക്കുവരവ്) മുമ്പാകെ 14.1.2021 തീയതി നൽകിയ വിവരാവകാശ അപേക്ഷയിൽ എസ്1-1161/21 നമ്പറായി ലഭിച്ച മറുപടി തൃപ്തികരമല്ലെന്നറിയിച്ച് അപ്പീൽ അധികാരിയായ ഭൂരേഖ തഹസിൽദാർ മുമ്പാകെ അപ്പീൽ അപേക്ഷ നൽകിയിട്ടുള്ളതാണെന്നും ടി അപ്പീൽ തീർപ്പാക്കുന്നതിലേയ്ക്കായി 28.4.2021 ന് ഇരുകക്ഷികൾക്കും ഹിയറിംഗ് നോട്ടീസ് നൽകിയെങ്കിലും കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ലോക്ഡൗൺ നിലവിൽ വന്നതിനാൽ ഹിയറിംഗ് നടത്തുവാൻ സാധിച്ചില്ലെന്നും തുടർന്ന് 11.8.2021-ന് ഇരുകക്ഷികളെയും നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയതിൽ കാക്കനാട്

വില്ലേജിലെ റീസർവ്വെ 363/2-ൽപ്പെട്ട ഭൂമി എത്രയും പെട്ടെന്ന് അളന്ന് ലഭിക്കണമെന്നും LA/16/96/L4, LA/495/96/L4 പട്ടയ ഫയലിന്റെ പകർപ്പുകളും ഓഫീസ് നോട്ടും ലഭിക്കണമെന്നും അപേക്ഷക മൊഴി നൽകി എന്നും തുടർന്ന് ഹർജിക്കാരിയുടെ അപ്പീൽ അപേക്ഷ ഒരിക്കൽ കൂടി പരിശോധിക്കുന്നതിനും 10 ദിവസത്തിനകം എസ്.പി.ഐ.ഒ യുടെ അധികാര പരിധിയിൽ വരുന്ന വിവരങ്ങൾ അപ്പീൽ അപേക്ഷകയെ അറിയിക്കേണ്ടതും, മറ്റ് പൊതു വിവരാവകാശ അധികാരിയുടെ കൈവശമുള്ള വിവരമാണെങ്കിൽ ടി പൊതു വിവരാവകാശ അധികാരിക്ക് അപേക്ഷ കൈമാറി വിവരം അപ്പീൽ അപേക്ഷകയെ അറിയിക്കുന്നതിനും പൊതു വിവരാവകാശ ഓഫീസർ & ജൂനിയർ സൂപ്രണ്ട് (പോക്കുവരവ് & സർവ്വെ) നെ ചുമതലപ്പെടുത്തിക്കൊണ്ട് അപ്പീൽ അപേക്ഷ തീർപ്പാക്കി 26.8.2021-ന് ഉത്തരവായിട്ടുള്ളതാണെന്നും ആയത് പ്രകാരം 1.9.2021-ാം തീയതി എസ്.-1161/21 നമ്പറായി അപേക്ഷകയ്ക്ക് പൊതു വിവരാവകാശ ഓഫീസർ വീണ്ടും മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരി വിവരാവകാശ നിയമ പ്രകാരം 14.1.2021ന് നൽകിയ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം നാളിതുവരെ ലഭിച്ചിട്ടില്ല എന്ന് കാണുന്നു. ഹർജിക്കാരി 9.4.2021ന് നൽകിയ ഒന്നാം അപ്പീൽ പരിഗണിച്ച് ടിയാളുടെ വിവരാവകാശ അപേക്ഷ ഒരിക്കൽ കൂടി പരിശോധിച്ച് 10 ദിവസത്തിനകം വിവരങ്ങൾ അപ്പീൽ അപേക്ഷകയെ അറിയിക്കണമെന്ന് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് നിർദ്ദേശം നൽകി, കാലതാമസം വരുത്തി 26.8.2021-നാണ് അപ്പീൽ തീർപ്പാക്കിയിട്ടുള്ളതായി കാണുന്നത്. വിവരാവകാശ നിയമ പ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധ ജുഡിഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് ഉറപ്പുവരുത്തേണ്ടതിന്റെയും ചുമതല അപ്പീൽ അധികാരിയിൽ നിക്ഷിപ്തമാണ്. ആയതിനാൽ ഒന്നാം അപ്പീൽ ഹർജിയിന്മേൽ രണ്ടാം എതിർകക്ഷി സ്വീകരിച്ച നടപടി നിയമാനുസൃതമല്ല എന്ന് കമ്മീഷന് ബോധ്യമാകുന്നു. അതുപോലെതന്നെ 9.4.2021-ന് നൽകിയ അപ്പീൽ 4 മാസത്തിലധികം സമയമെടുത്ത് 26.8.2021നാണ് തീർപ്പാക്കിയതായി കാണുന്നത്. ടി കാലതാമസം കോവിഡ് പശ്ചാത്തലത്തിലാണെന്ന വാദം അംഗീകരിക്കത്തക്കതല്ല. വിവരാവകാശ നിയമ പ്രകാരം അപ്പീൽ സമയബന്ധിതമായി തീർപ്പാക്കാത്തത് വിവരാവകാശ നിയമം 19(6) വകുപ്പിന്റെ ലംഘനവും ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചകൾക്ക് കാരണക്കാരനായ രണ്ടാം എതിർകക്ഷിയുടെ വിശദീകരണം 20.3.2022 നകം കമ്മീഷൻ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

6. ഒന്നാം അപ്പീൽ തീർപ്പിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരി ആവശ്യപ്പെട്ട LA/16/96/L4, LA/495/96/L4 എന്നീ നമ്പർ പട്ടയ ഫയലിന്റെ പകർപ്പുകളും ഓഫീസ് നോട്ടും ലഭ്യമാക്കുന്നതിനായി എൽ4 സെക്ഷനിലേക്ക് 26.8.2021–ലെ ടി അപ്പീൽ തീർപ്പിന്റെ പകർപ്പ് കൈമാറിയിട്ടുള്ളതായി 1.9.2021ന് ഒന്നാം എതിർകക്ഷി ഹർജിക്കാരിക്ക് നൽകിയ എസ്1–1161/2021 നമ്പർ കത്തിൽ കാണുന്നു. എന്നാൽ ടി രേഖകൾ ഹർജിക്കാരിക്ക് നാളിതുവരെ ലഭ്യമായതായി കാണുന്നില്ല. ആയതിനാൽ ടി രേഖകൾ സൗജന്യമായി ഹർജിക്കാരിക്ക് ലഭ്യമാക്കിയെന്ന് ഉറപ്പ് വരുത്തി 10.3.2022–നകം ഒന്നാം എതിർകക്ഷി കമ്മീഷനിൽ റിപ്പോർട്ട് ഹാജരാക്കേണ്ടതാണ്.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 ഫെബ്രുവരി 23–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

bnk